**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട**

**ചോദ്യം നമ്പർ : *191**

**05.11.2019 ൽ മറുപടിക്ക്**

**ചെന്നൈ -ബംഗളൂരു വ്യവസായ ഇടനാഴി കൊച്ചിയിലേയ്ക്ക് നീട്ടാൻ നടപടി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ഡോ.എം. കെ. മുനീർ**<br>**ശ്രീ.ടി.എ.അഹമ്മദ് കബീർ**<br>**ശ്രീ.മഞ്ഞളാംകുഴി അലി**<br>**ശ്രീ. ടി. വി. ഇബ്രാഹിം:** | | **ശ്രീ.ഇ.പി.ജയരാജൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | ചെന്നൈ-ബംഗളൂരു വ്യവസായ ഇടനാഴി കൊച്ചിയിലേയ്ക്ക് നീട്ടുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (എ), (ബി) & (സി) | പരിസ്ഥിതി സൗഹാർദ്ദപരമായ വ്യവസായങ്ങളെ പ്രോത്സാഹിപ്പിച്ച് സംസ്ഥാനത്ത് നിക്ഷേപവും തൊഴിലവസരവും സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ എറണാകുളം-കോയമ്പത്തൂർ ദേശീയ പാതയിൽ ഉൾപ്പെടുന്ന ജില്ലകളിലെ അനുയോജ്യമായ ഭൂമി കണ്ടെത്തി കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി സ്ഥാപിക്കുന്നതിന് കേന്ദ്ര അനുമതി ലഭ്യമായതോടെ ഇക്കാര്യത്തിലുള്ള തുടർ നടപടികൾക്കുള്ള പാത തുറന്നിരിക്കുകയാണ്. ഇതിനായി പാലക്കാട് ജില്ലയിൽ ഏകീകൃത നിർമ്മാണ ക്ലസ്റ്ററുകൾക്കായുള്ള സ്ഥലം ഏറ്റെടുക്കൽ നടപടിയും എറണാകുളം ജില്ലയിൽ സ്ഥലം കണ്ടെത്തുന്ന നടപടിയും പുരോഗമിച്ച് വരുന്നു. കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി പദ്ധതിയുടെ നിർവഹണത്തിന് ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) രൂപീകരിക്കുന്നതിനായി കേന്ദ്ര ഏജൻസിയായ ദേശീയ വ്യവസായ ഇടനാഴി നിർവ്വഹണ ട്രസ്റ്റുമായി ഒപ്പുവെക്കേണ്ടതായ ഷെയർ ഹോൾഡേഴ്സ് എഗ്രിമെന്റിന്റെയും (SHA) സ്റ്റേറ്റ് സപ്പോർട്ട് എഗ്രിമെന്റിന്റെയും (SSA) കരട് സൂക്ഷ്മ പരിശോധന നടത്തി വരികയാണ്. |
| (ബി) | വ്യവസായ ഇടനാഴിയുടെ ഭാഗമായ നിർമ്മാണ ക്ലസ്റ്ററിന്റെ പ്രവർത്തനത്തിന്, ദേശീയ വ്യവസായ ഇടനാഴി നിർവ്വഹണ ട്രസ്റ്റിന്റെ നിബന്ധനകൾ പാലിക്കുന്നതിൽ സംസ്ഥാന സർക്കാരിന് എന്തെങ്കിലും ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ടോ; | | |
| (സി) | എങ്കിൽ ഇത് എങ്ങനെ മറികടക്കാൻ കഴിയുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**